**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 493** **23-06-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

**മറുപടി: കെ.എസ്.ഇ.ബി.എൽ.**

മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ -

1. ദ്യുതി 2 (2022-27) – 37.846 കോടി രൂപ
2. ആർ.ഡി.എസ്.എസ് – 14.47 കോടി രൂപ
3. മലപ്പുറം സ്പെഷ്യൽ പാക്കേജ് – 10.614 കോടി രൂപ

**അനെർട്ട്**

മഞ്ചേരി മണ്ഡലത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ച സൗരോർജ്ജ നിലയങ്ങളുടെയും, അവയ്ക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയുടെയും വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

മഞ്ചേരി മണ്ഡലത്തിൽ അനെർട്ട് മുഖാന്തിരം 2023-24 കാലയളവിൽ Mr. മുഹമ്മദ് ഹുസൈൻ എന്ന വ്യക്തിക്ക് 30 kW-ന്റെ പബ്ലിക് ഇ-കാർ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചതിന് മെഷീൻ സബ്സിഡിയും (Rs.1,50,000/-) സോളാർ സബ്സിഡിയും (Rs.6,00,000/-) നൽകിയിട്ടുണ്ട്.

പി.എം. കുസും-സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് കേരളത്തിലെ കർഷകർ, കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ജല പമ്പുകൾ സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതി അനെർട്ട് നബാർഡ് RIDF ഫണ്ട് ഉപയോഗപ്പെടുത്തി മലപ്പുറം ജില്ലയിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി മലപ്പുറം ജില്ലയ്ക്കു NABARD RIDF Tranche 28-ലും , Tranche 30-ലും കൂടി 69.97 കോടി രൂപയാണ് അനുവദിച്ചിരുന്നത്.

പ്രസ്തുത പദ്ധതിയിൻ കീഴിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ വിവിധ കൃഷി ഭവനുകളിലായി 28 സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

**(ബി)** വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

**<u>മറുപടി:</u>   <u>കെ.എസ്.ഇ.ബി.എൽ.</u>**

2022-27 കാലയളവിൽ 37.846 കോടി രൂപ മൂല്യത്തിലുള്ള വികസന പ്രവർത്തനങ്ങൾ മഞ്ചേരി മണ്ഡലത്തിൽ ദ്യുതി 2.0 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. അതിൽ ഇതുവരെയായി 22.463 കോടി രൂപയുടെ പ്രവർത്തികളാണ് പൂർത്തീകരിച്ചത്. ബാക്കി വരുന്ന 15.363 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്. RDSS പദ്ധതിയുടെ ഭാഗമായി 14.47 കോടി രൂപയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. മലപ്പുറം സ്പെഷ്യൽ പാക്കേജിൽ 10.614 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**(സി)** ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>   <u>കെ.എസ്.ഇ.ബി.എൽ.</u>**

നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**<u>അനെർട്ട്</u>**

മഞ്ചേരി മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങളിൽ, അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയുടെ ഭാഗമായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പി.എം. കുസും പദ്ധതി 31/03/2027-ന് മുൻപായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**മഞ്ചേരി മണ്ഡലത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ച സൗരോർജ്ജ നിലയങ്ങളുടെയും, അവയ്ക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയുടെയും വിശദാംശങ്ങൾ**

| SI. No. | WORK NAME (GRAMAPANCHAYAT/ MUNCIPALITY) | PLANT TYPE(HYBRID,ONGRID,STREET LIGHT | WORK ORDER AMOUNT (Rs) | CURRENT STATUS |
|---|---|---|---|---|
| 1 | MANJERI MUNCIPALITY | SOLAR STREET LIGHT (2Nos) | 1,24,800/- | COMPLETED |
| 2 | MULLAMPARA,MANJERI-GOV. AYURVEDHA HOSPITAL | ONGRID (10kW) | 4,40,000/- | COMPLETED |
| 3 | MANJERI-GOV. HOMEO HOSPITAL | ONGRID (8+5=13kW) | 6,46,059/- | COMPLETED |
| 4 | KEEZHATTUR GRAMAPANCHAYATH | MINI HIGH MAST SOLAR STREET LIGHT (4 Nos) | 5,35,500/- | COMPLETED |
| 5 | EDAPATTA GRAMAPANCHAYATH | HYBRID (5kW) | 8,74,430/- | COMPLETED |
| 6 | GOVERNMENT AYURVEDHA DISPENSARY PANDIKAD | ONGRID (2kW) | 1,65,500/- | COMPLETED |